• റിപ്പോർട്ട്




രാസമാലിന്യങ്ങളൊഴുക്കി ചാലക്കുടി പുഴയേയും പരിസരത്തെയും നാളുകളായി മലിനമാക്കിക്കൊണ്ടിരിക്കുന്ന കാതിക്കുടത്തെ നിറ്റാജലാറ്റിൻ കമ്പനിയുയർത്തുന്ന മരണഭീഷണിയുടെ യഥാർത്ഥ ചിത്രം. 1979ൽ ആരംഭിച്ച മൃഗങ്ങളുടെ എല്ലിൽ നിന്നും ഒസ്സീൻ എന്ന രാസവസ്തു ഉണ്ടാക്കുന്ന ഈ കമ്പിനിയും വികസനത്തിന്റെ പേരിലാണ് സ്ഥാപിക്കപ്പെട്ടത്, പക്ഷെ പതിവുപോലെ വികസനം ഇവിടെയും പ്രദേശവാസികളുടെ സ്വപ്നങ്ങളെ തകിടം മറിച്ചു. വിഷലിപ്തമായ നാടിനെയും രോഗികളായ ഒരു ജനതയേയുമാണ് അത് ഒടുവിൽ സൃഷ്ടിച്ചത്. തുടക്കത്തിൽ സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ കൈയിലുണ്ടായിരുന്ന കൂട്ടുസംരംഭകരായ നിറ്റാജലാറ്റിന്റെയും മിത്സുബിഷി കോർപറേഷന്റെയും പക്കലേക്ക് എത്തിയതോടെ അമിതലാഭത്വരപൂണ്ട് ഉത്പാദന പ്രക്രിയയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുമെല്ലാം അട്ടിമറിക്കപ്പെട്ടു. തദ്ദേശവാസികളോട് പുലർത്തേണ്ട സാമാന്യ മര്യാദകൾ പോലും ലംഘിക്കപ്പെട്ടു. കമ്പിനിയുടെ പ്രവർത്തനങ്ങൾക്കെതിരെ ജനകീയ സമരം ശക്തമാകുന്ന പശ്ചാത്തലത്തിൽ കാളകൂടമാകുന്ന കാതിക്കുടത്തെക്കുറിച്ച് ഒരു വിശദമായ റിപ്പോർട്ട്.

## കാതിക്കുടത്തെ കാളകൂടം

# പുഴയിൽ നിന്നൊരുതുടം കാതിക്കുടം

കെ.കെ. ചന്ദ്രശേഖരൻ

കേരളത്തിൽ പടിഞ്ഞാട്ടൊഴുകുന്ന നദികളിൽ ഗതി മാറി കിഴക്കോട്ടൊഴുകുന്ന പ്രതിഭാസം ചാലക്കുടി പുഴയുടെ പ്രത്യേകതയാകുന്നു. ആറങ്ങാലിയും അന്നനാടും കഴിഞ്ഞാൽ കൊണ്ടൊഴിഞ്ഞാൽ പുഴ ചുക്കിരിക്കാട്ടുമന ക്ഷേത്രം കണ്ടൊഴിഞ്ഞു പോയെന്നാണ് ഐതിഹ്യം. കണ്ടൊഴിഞ്ഞാലെന്ന പേരു കിട്ടിയതിങ്ങനെ. കണ്ടൊഴിഞ്ഞാൽ പിന്നീട് വൻചുഴികളുണ്ടിവിടെ. പുഴ നാമചരിത്രം പുഴയിൽ വൻ ചുഴികളുണ്ടിവിടെ. പുഴ കിഴക്കോട്ടൊഴുകുന്ന തൈക്കൂട്ടം, കക്കാട്, പുളിയ്ക്കകടവ് ഭൂപ്രദേശങ്ങൾക്കിടയിൽ ഒരു തനി കാർഷിക ഗ്രാമമാകുന്നു കാതിക്കുടം.

**നാടിന്റെ നിറകുടം കാതിക്കുടം**

പുഴയും തോടും ചിറയും നീർച്ചാലുകളും കാതിക്കുടത്തിന്റെ തണ്ണീർക്കുടങ്ങൾ താണിയംതോട് ചെറുതോട്, കാരിയ്ക്കത്തോട്, പെരുമതോട്, കണ്ണൻചിറ, ചാത്തൻചാൽ നീർച്ചാലുകളെല്ലാം പുഴയിൽ ചേരുന്നു. മലവെള്ളം കൊണ്ടുവരുന്ന എക്കൽ പുഴ പകരം നൽകുന്നു, മണ്ണിന് വളകൂറേകുന്നു. കക്കാട്ടു പാടവും പൊന്നേത്തു പാടവും അമ്പലത്താഴവും മുതുകാട്ടു പാടവും കാതിക്കു ടത്തിന്റെ നെല്ലറകൾ. താണിയം പാറ, പരീയ്ക്കപ്പാടം, പേരനാട്ടു പാടം, കുരിയിലപ്പാടം, പാടശേഖ രങ്ങളുടെ നാടാകുന്നു കാതിക്കുടം. മുപ്പൂവ് കൃഷിയിറക്കി ചോരനീരാക്കി ചേറ് ചോറാക്കി മാറ്റുന്ന കർഷകർ തോട്ടിലും പുഴയിലും മീൻപിടിച്ചും പാടത്തും പറമ്പിലും പണിയെടുത്തും കാലം കഴിച്ചവരായിരുന്നു.

കക്കാട്ട് മുളച്ച വിത്തായിരുന്നു ഇന്ത്യയുടെ പൊൻ കതിർ പനമ്പിള്ളി ഗോവിന്ദ മേനോൻ. പുഴയുടെ സംസ്കൃ തിയാവാം, ഗ്രാമവി ശുദ്ധിയുമാവാം കവികളും കലാകാരൻമാരും കരകൗശല വിദഗ്ധരും ജന്മമെടുത്ത നാട്. മരത്തിൽ കരവിരുതു കാട്ടുന്ന ആശാരിമാരുടെ വംശമുണ്ടിവിടെ. അപ്പുറം കട്ടപ്പുറത്ത് കല്ലാശാരിമാരുണ്ട്. കളിമണ്ണിൽ മൺപാത്രങ്ങൾ വിരിയിച്ചെടുക്കുന്ന കുംഭാരൻമാരുണ്ട്. കാരിരുമ്പിൽ കാർഷി

കോപകരണങ്ങൾ നിർമ്മിക്കുന്ന കരുവാനുണ്ട്. സ്വർണ്ണാഭരണങ്ങൾ തീർക്കുവാൻ തട്ടാനുമുണ്ട്. പറയൻ കുന്നുണ്ട് ചെറാലക്കുന്നുണ്ട് മൂശാരി പ്പറമ്പും ഉണ്ട്. കാവുകളുണ്ട് ക്ഷേത്രങ്ങളുണ്ട്. നെല്ലും തെങ്ങും കവുങ്ങും നാനാവിധ കാർഷിക വിളകളും ഹരിത തിലകമണി യിക്കുന്ന നാടിന്റെ നിറകുടമാകുന്നു കാതിക്കുടം.

**കാതിക്കുടത്തൊരു കാളക്കൂടം**

വിളവു തിന്നാനിറങ്ങുന്ന നാൽക്കാലികളെ പടിച്ചു കെട്ടുന്ന സ്ഥലമായിരുന്നു കാവട. ഏതാണ്ട് മൂന്നര പ്പതിറ്റാണ്ടു മുമ്പ് കാവട പ്പടിക്കു മുന്നിൽ പൊന്നേത്തു കുന്നിൽ ജപ്പാൻ കമ്പനിക്കായി സ്ഥലമെടുത്തു. നാട്ടുകാരാഹ്ലാദിച്ചു. ആയിരകണക്കിനു പേർക്ക് തൊഴിൽ ലഭിക്കുമെത്ര! സ്ഥലത്തിനു ചുറ്റും പ്രത്യേകിച്ച് പാടത്ത് ഒരു കോട്ട പോലെ വൻമതിൽ ഉയർന്നപ്പോൾ ചിലരെങ്കിലും ആപത്ത് മണത്തു. സമീപവാസിയും എഅഇഠ ജീവനക്കാരനുമായിരുന്ന കണ്ണാമ്പ ലത്ത് അയ്യപ്പൻനായർ വരാനിരി ക്കുന്ന എല്ലു കമ്പനിക്കെതിരെ അന്നേ പ്രതിക്ഷേധിച്ചിരുന്നു. നാടിന്റെ വികസനം തടയുന്ന നായർക്ക് വട്ടാണെന്ന് ജനം പരിഹരിച്ചു.

1979-ൽ കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് (KCPL) പ്രവർത്തനം ആരംഭിച്ചു. ഒരു സംയുക്ത സംരഭമായാണ് ആരംഭം. അക്കാല ത്ത് കൂടുതൽ ഓഹരികളും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനായിരുന്നു. ബാക്കി ഓഹരികളായിരുന്നു ജപ്പാൻ കമ്പനികളായ നിറ്റാ ജലാറ്റിനും മിറ്റ്സു ബുഷി കോർപ്പറേഷനും ഉണ്ടായിരുന്നത്. പിൽക്കാലത്ത് ഭൂരിഭാഗം ഓഹരികളും നിറ്റാ ജലാറ്റിൻ കൈവശപ്പെടുത്തുകയും കമ്പനിയുടെ പേരു തന്നെ നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ് (NJIL) എന്നാക്കി മാറ്റുകയും ചെയതു.

**ഉൽപ്പാദന പ്രക്രിയ**

മൃഗങ്ങളുടെ എല്ലിൽ നിന്നും രാസപ്രവർത്തനം വഴി ഒസ്സീൻ ഉണ്ടാക്കിയെടുക്കുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്. ടൺ കണക്കിന് എല്ലും ഹൈഡ്രോ ക്ലോറിക് ആസിഡും വെള്ളവുമാണ് അസംസ്കൃത പദാർത്ഥങ്ങൾ. പണ്ട് 18 ടൺ എല്ലുകളാണ് ഉപയോഗി ച്ചിരുന്നതെങ്കിൽ ഇന്നത് ദിനംപ്രതി 120 ടണ്ണായി വർദ്ധിച്ചിരിക്കുന്നു. ഒരു ലോട്ടിൽ 35 മുതൽ 40 ടൺ വരെ എല്ലുപൊടി ഉപയോഗിക്കുന്നു. അത്തരത്തിൽ ദിവസവും മൂന്ന് ലോട്ട് ചാർജ് ചെയ്യുന്നു. ഒരു ദിവസം ഉപയോഗിക്കുന്ന ഹൈഡ്രോ ക്ലോറിക് ആസിഡിന്റെ അളവ് ഒരു ലക്ഷത്തി ഇരുപതിനായിരം ലിറ്റർ ആണ്. രണ്ട് കോടിയോളം ലിറ്റർ ജലവും ദിനംപ്രതി ഉപയോ ഗിക്കുന്നു.

ഗോഡൗണിൽ നിന്ന് നുറു ങ്ങിയ എല്ലുകൾ കൺവെ യറിലൂടെ കടത്തി വിടുന്നു. ബ്ലോവർ മുഖാന്തിരം എല്ലുകളിലെ സിന്യൂസ് വേർതിരിക്കുന്നു. വൈബ്രേറ്റർ നെറ്റിലൂടെ വലിയ എല്ലുകളെ മാറ്റുന്നു. ഇങ്ങനെ ലഭിക്കുന്ന അവസാന അസംസ് കൃതവസ്തു റോട്ടറി വാഷറിൽ പമ്പിങ്ങിലൂടെ ആസിഡ് ബാത്തിൽ നിക്ഷേപി ക്കുന്നു. ബാത്തിലേക്ക് തണുത്ത വെള്ളവും ഹൈഡ്രോ ക്ലോറിക് ആസിഡും ആവശ്യാ നുസരണം ചേർക്കുന്നു. അഞ്ച് മുതൽ ഏഴ് ദിവസം വരെ ഈ പ്രക്രിയ തുടരുന്നു. എല്ലിലെ കാൽസ്യം (Calsium) വേർതിരി ക്കുകയും പ്രോട്ടീൻ മാത്രം എടുക്കുകയും ചെയ്യുന്നു. ഇതാണ് പ്രധാന ഉത്പന്നമായ ഒസ്സീൻ (Ossien) ഇതിൽ 2 ലോട്ട് ജപ്പാനിലേക്ക് കയറ്റി അയക്കുകയാണ്. ബാക്കി ഒരു ലോട്ട് ലിമിറ്റഡ് ഒസ്സീൻ (LO) ആക്കി മാറ്റുന്നു ഒസ്സീനിൽ കുമ്മായവും തണുത്ത വെള്ളവും ചേർത്ത് 40 മുതൽ 50 ദിവസം വരെ ടാങ്കിൽ സൂക്ഷിക്കുമ്പോഴാണ് ലിമിറ്റഡ് ഒസ്സീൻ ഉണ്ടാകുന്നത്. ഇത് ജലാറ്റിൻ നിർമ്മാണത്തിനായി കമ്പനിയുടെ കാക്കാനാട്ടെ പ്ലാന്റിലേക്ക് കൊണ്ടു പോകുന്നു. ഉപോൽപ്പന്നം നിർമ്മാക്കാനായി മോണോ കാൽസ്യം ഫോസ്ഫേറ്റിൽ കുമ്മാ യം ചേർത്ത് ഡൈ കാൽസ്യം ഫോസ്ഫേറ്റ് (DCP) ഉണ്ടാക്കുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ (PCB)കണക്ക നുസരിച്ച് ദിനം പ്രതി ഉപയോഗി ക്കാവുന്ന എല്ലിന്റെ അളവ് 80 ടൺ മാത്രമാകുന്നു. ജലത്തിന്റെ ഉപഭോ ഗം 62, 90, 200 ലിറ്റർ മാത്രം പക്ഷെ ചാലക്കുടി പുഴയിൽ പമ്പ് ഹൗസ് സ്ഥാപിച്ച് കമ്പനി ജലം ഊറ്റുന്ന തിന് കൈയും കണക്കുമില്ല. പി. സി. ബി.യുടെ അനുമതി പ്രകാര മാണ് ചാലക്കുടി പുഴയിൽ നിന്ന് വെള്ളം എടുക്കുന്നതെന്നായിരുന്നു കമ്പനിയുടെ അവകാശവാദം. പക്ഷേ, 2009 സെപ്റ്റംബർ 25-ാം തിയതി സ്ഥലം എം. എൽ. എ. ബി. ഡി. ദേവസ്സി കാതിക്കുടത്ത് വിളിച്ചു ചേർത്ത യോഗത്തിൽ ചാലക്കുടി പുഴയിൽനിന്ന് വെള്ളമെ ടുക്കാൻ കമ്പനിക്ക് അനുമതി നൽകിയി ട്ടില്ലെന്നാണ് പി. സി. ബി. ചെയർമാൻ എസ്. ഡി. ജയപ്രസാ ദ് വെളിപ്പെടുത്തിയത്.

**മാലിന്യത്തിന്റെ ഉറവിടങ്ങൾ**

പ്രധാനമായും 3 പ്ലാന്റുകളിൽ നിന്നാണ് മാലിന്യം വരുന്നത്.

1) ഒസ്സീൻ പ്ലാന്റിൽനിന്ന് :- ആസിഡ് കലർന്ന വെള്ളം ഗ്രീസ്. ഓയിൽ അംശങ്ങൾ, മാംസ ത്തിന്റെയും മജ്ജയുടേയും അവശി ഷ്ടങ്ങൾ, മറ്റു രാസ പദാർത്ഥങ്ങൾ.

2) ലിമിറ്റഡ് ഒസ്സീൻ (LO) പ്ലാന്റിൽ നിന്ന്: കുമ്മായം കലർന്ന വെള്ളം.

2)DCP പ്ലാന്റിൽ നിന്ന്: ഭീമമായ അളവിൽ ക്ലോറൈഡ് കലർന്നവെള്ളം

മേൽപ്പറഞ്ഞ 3 പ്ലാന്റുകളി ലേയും അവശിഷ്ടങ്ങൾറോ എഫിഷ്യന്റ് ടാങ്കിൽ എത്തുന്നു. തുടർന്ന് പമ്പിംഗിലൂടെ ഫ്ളാഷ് മിക്സ്ചറിലേക്ക് ഫ്ളോകുലേഷൻ ടാങ്കിൽ കുമ്മായം ചേർത്ത് അസിഡിറ്റി കുറയ്ക്കുന്നു. (ആസിഡിന്റെ ന്യൂട്രലൈസേഷൻ പ്രക്രിയ മാത്രമാണ് യഥാർത്ഥ ത്തിൽ നടക്കുന്നത്. കെമിക്കൽ ഇംപ്യൂരിറ്റീസ് ശുദ്ധീകരിക്കുന്ന തിനുള്ള സംവിധാനങ്ങളൊന്നും നിലവിൽ ഉപയോഗിക്കുന്നില്ല.) പിന്നീട് ക്ലാരിഫർ തിക്നർ

എന്നിവയിലൂടെ കടത്തി വിടുന്നു. റോട്ടറി വാകം ഫിൽട്ടർ ഉപയോഗിച്ച് സ്ലഡ്ജ് വേർതിരിക്കുകയും ഡ്രൈയാക്കി യെടുക്കുകയും ചെയ്യുന്നു. ഈ രാസമാലിന്യം വളമെന്ന പേരിൽ ദിവസേന ടൺകണക്കിനാണ് പുറത്തേക്ക് കൊണ്ടുപോകുന്നത്. ഏറേഷൻ ടാങ്കിൽ നിന്നും സെക്കന്ററി ക്ലാരിഫറിൽ എത്തുന്ന മലിന ജലം പൈപ്പ് മുഖാന്തിരം നേരെ ചാലക്കുടിപ്പുഴയുടെ അടിത്തട്ടിലേക്ക് ഒഴുക്കി വിടുന്നു.

**മലിനീകരണം**

മൂന്നു പതിറ്റാണ്ടായി മണ്ണിലും ജലത്തിലും അന്തരീക്ഷ ത്തിലും നിറ്റാ ജലാറ്റിൻ കമ്പനി നിക്ഷേപിച്ചു കൊണ്ടിരിക്കുന്ന രാസവിഷ മാലിന്യങ്ങൾ നിമിത്തം മനുഷ്യനടക്കം അനേകായിരം ജീവജാലങ്ങൾക്ക് ജീവിതം ദുസ്സഹ മായിരിക്കുകയാണ്.

**മണ്ണ് മലീനീകരണം**

കമ്പനി വളപ്പിൽ 10 അടിയോളം ആഴത്തിൽ ട്രഞ്ച് കുഴിച്ച് അതി നുള്ളിലായിരുന്നു ആദ്യകാല ങ്ങളിൽ ഖരമാലിന്യം നിക്ഷേ പിച്ചിരുന്നത്. സമീപ പ്രദേശങ്ങളിലെ കിണറു കളിലും പാടശേഖരങ്ങ ളിലും ജലാശ യങ്ങളിലും വിഷാംശം കലർന്ന് അവയെല്ലാം ഉപയോ ഗശൂന്യമായി മാറി. ഉത്പാദനം വർദ്ധിച്ചതോടെ ഖരമാലിന്യം വളമെന്ന പേരിൽ കൃഷിയിടങ്ങളിൽ നിക്ഷേപിക്കാൻ തുടങ്ങി. വിള നാശ മായിരുന്നു ഫലം.

2007 ഡിസംബർ മുരിയാട് പഞ്ചായത്തിലെ വേഴക്കാട്ടു കരയിൽ കമ്പനി തള്ളിയ വിഷാംശം കലർന്ന ഖരമാലിന്യങ്ങൾക്ക് തീ പിടിച്ച് നാട്ടുകാർക്ക് ചുമയും ശ്വാസ തടസവും അനുഭവപ്പെട്ടു. തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് ലതാ ചന്ദ്രന്റെ നേതൃത്വത്തിൽ അഗ്നിശമ നസേനയും നാട്ടുകാരും ചേർന്ന് തീ അണയ്ക്കുകയായിരുന്നു. തള്ളിയ മാലിന്യങ്ങൾ രണ്ടു ദിവസത്തിനകം മാറ്റാമെന്ന ഉറപ്പിൽ ബന്ധപ്പെട്ട വ്യക്തിയെ പോലീസ് വിട്ടയച്ചു.

2008 ജനുവരിയിൽ ചാലക്കുടിയിൽ എ. കെ. ടിമ്പർ കമ്പനിക്ക്

**കമ്പനി വളപ്പിൽ 10 അടിയോളം ആഴത്തിൽ ട്രഞ്ച് കുഴിച്ച് അതിനുള്ളിലായിരുന്നു ആദ്യകാലങ്ങളിൽ ഖരമാലിന്യം നിക്ഷേപിച്ചിരുന്നത്. സമീപ പ്രദേശങ്ങളിലെ കിണറുകളിലും പാടശേഖരങ്ങളിലും ജലാശയങ്ങളിലും വിഷാംശം കലർന്ന് അവയെല്ലാം ഉപയോഗശൂന്യമായി മാറി. ഉത്പാദനം വർദ്ധിച്ചതോടെ ഖരമാലിന്യം വളമെന്ന പേരിൽ കൃഷിയിടങ്ങളിൽ നിക്ഷേപിക്കാൻ തുടങ്ങി. വിള നാശമായിരുന്നു ഫലം. കൂടാതെ പാലക്കാട് ജില്ലയിലെ മുതലമടയിലെ കൃഷിയിടങ്ങളിലും പുറംപോക്കുകളിലും കമ്പിനി രഹസ്യമായി മാലിന്യം നിക്ഷേപിച്ചത് വ്യാപകമായ എതിർപ്പിന് കാരമായിട്ടുണ്ട്.**

സമീപം രാസമാലിന്യം നിക്ഷേപിച്ചതു മൂലം കുടിവെള്ളം മലിനപ്പെടുകയും സസ്യജാലങ്ങൾ നശിക്കുകയും ചെയ്തു. മത്സ്യങ്ങൾ ചത്തു പൊങ്ങി. നാട്ടു കാരുടെ പരാതിയെ തുടർന്ന് പോലീസെത്തി കേസെടുത്തു. പി.സി.ബി. ഉദ്യോഗസ്ഥർ വെള്ളത്തിന്റെ സാമ്പിളെടുത്തു. എം. എൽ. എ. മുൻസിപ്പൽ ചെയർമാൻ തുടങ്ങിയവർ സ്ഥലം സന്ദർശിച്ചു.

2009 ജൂണിൽ പാലക്കാട് ജില്ലയിലെ തമിഴ് നല സംഘം മുതലമട ഗ്രാമപഞ്ചായ ത്താപ്പീസിലനുമുന്നിൽ കൂട്ടധർണ്ണ നടത്തി നിവേദനം നൽകി. തമിഴ്നാട് അതിർത്തി പ്രദേശങ്ങ ളിലെ കൃഷിയിടങ്ങളിലും പൊതു സ്ഥലത്തും പുറമ്പോക്കിലും അന്യ ജില്ലയിൽ നിന്നുള്ള ഫാക്ടറി മാലിന്യങ്ങളും മറ്റും നിക്ഷേപിക്കുന്നതുകൊണ്ട് വ്യാപക മായ പകർച്ചവ്യാധികളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ഉടലെടുത്തു. മാലിന്യം നിക്ഷേപിക്കാൻ കൂട്ടു നിൽക്കുന്നവരുടേയും പ്രതിഫലം വാങ്ങി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരുടേയും പേരിൽ ക്രിമിനൽ നടപടിക്ക് ശുപാർശ ചെയ്യണമെന്നു അവർ ആവശ്യപ്പെട്ടു.

2009 ജൂണവസാനം നാഷണലിസ്റ്റ് കർഷക കോൺഗ്രസ്(ചഗഇ)ന്റെ പാലക്കാട് ജില്ലാ പ്രസിഡന്റ് വി. പി. നിജാമുദ്ദീൻ സംസ്ഥാന ആരോഗ്യ - മലിനീകരണ നിയന്ത്രണ വകുപ്പ് മന്ത്രിക്കും ജില്ലാ കളക്ടർക്കു മെഡിക്കൽ ഓഫീസർക്കും പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു പരാതി അയ ച്ചിരുന്നു.

മുതലമട പഞ്ചായത്തിൽ ആദിവാസികളും പട്ടിക ജാതി - ദലിത് സമുദായത്തിൽപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന ഉൾനാടൻ ഗ്രാമങ്ങളിലെ കൃഷിയിടങ്ങളിലും പുറമ്പോക്കിലും ഫാക്ടറി മാലിന്യങ്ങളും മറ്റും നിക്ഷേപിച്ച് പരിസ്ഥിതി പ്രശ്നങ്ങ ളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരുന്നു.

2009 ആഗസ്റ്റിൽ മുതലമട ഗ്രാമപഞ്ചായത്ത് മെമ്പർ എസ്. വി. ശെൽവന്റേയും ഹരിത സംഘത്തിന്റെയും നേതൃത്വത്തിൽ കൊല്ലങ്കോട് പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് ചെമ്മണാംപതി, ചൂണ്ടി പുളിക്കാട് പ്രദേശങ്ങളിലെ പൊതു ജനങ്ങൾ പരാതി സമർപ്പിച്ചിരുന്നു. ഫാക്ടറി മാലിന്യങ്ങൾ ജൈവ വളമെന്ന് തെറ്റിദ്ധരിപ്പിച്ച് പാവപ്പെട്ട നിരക്ഷരായ തമിഴ് കർഷകർക്ക് നൽകി പ്രതിഫലം പറ്റുന്നവർക്കെതിരെയും ഇതിനുവേണ്ടി ഏജന്റ് പണി നടത്തിവരുന്നവർക്കെതിരേയും നടപടി സ്വീകരിക്കണമെന്ന് ആവശ്യ പ്പെട്ടിരുന്നു.

2009 സെപ്റ്റംബർ എൻ. ജി ഐ. എൽ. കമ്പനിയിൽ നിന്നുള്ള രാസമാലിന്യങ്ങൾ പുറന്തള്ളാൻ കൊണ്ടു പോയിരുന്ന ലോറികൾ കൊല്ലങ്കോട് സർക്കിൾ ഇൻസ്പെക്ടർ കസ്റ്റഡിയിൽ എടുത്തു എന്നാണ് ഒടുവിൽ കേട്ട വാർത്ത.

ഇത്തരത്തിൽ 70 ടണ്ണോളം രാസഖരമാലിന്യങ്ങളാണ് ദിനം പ്രതി കമ്പനി പുറന്തള്ളുന്നത്.

**ജലമലിനീകരണം**

കമ്പനി ഒഴുക്കി വിടുന്ന മലിന

ജലം മൂലം തോടുകളും നീർച്ചാലുകളും പാടശേഖരങ്ങളും മലീമസമായിരിക്കുന്നു. തെളി നീരൊഴുകിയിരുന്ന പെരുതോടും ചാത്തൻച്ചാലും ഇന്നൊരു ചോരച്ചലാണ്. വേനൽക്കാലങ്ങളിൽ പെരുത്തോട്ടിൽ മത്സ്യങ്ങൾ ചത്തു പൊങ്ങുന്നു.

2005 ഡിസംബർ മണ്ണിന്റെയും വെള്ളത്തിന്റെയും സാംമ്പിളുകൾ ചാലക്കുടി മുൻസിഫ് കോടതി കമ്മീഷണറെ നിയോഗിക്കുകയുണ്ടായി. മലിന ജലം ചെന്നു ചേരുന്ന കക്കാട് പമ്പ് ഹൗസിൽ നിന്നും വരുന്ന വെള്ളം ഉപയോഗിച്ചതുകൊണ്ട് വെള്ളരി കൃഷി നശിച്ച കർഷകൻ കമ്പനി യ്ക്കെതിരെ കേസു കൊടുത്തതിനെ തുടർന്നാണിത്.

2006 മെയ് മാസത്തിൽ ചാലക്കുടി പുഴയിൽ പുളിയ്ക്ക കടവിലും അപ്പിനിക്കടവിലും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തു പൊന്തി. മേഖലയാകെ ദുർഗന്ധപൂരിതമായി. അന്നമട പഞ്ചായത്തധികൃതർ സ്ഥലം സന്ദർശിക്കുകയും പ്രശ്നം ജില്ലാ കളക്ടറുടേയും മെഡിക്കൽ ഓഫീസറുടേയും ശ്രദ്ധയിൽ പെടുത്തുകയുമുണ്ടായി. പുഴയിലെ വെള്ളത്തിന്റെ സാമ്പിൾ റീജിണൽ അനലിറ്റിക് ലബോറട്ടറിയിൽ പരിശോധിച്ചു. വെള്ളത്തിൽ ആസിഡ് കലർന്നിട്ടുണ്ടെന്നും ഡിസോൾവ്ഡ് ഓക്സിജൻ വളരെ കുറവാണെന്നും വ്യക്തമായി. വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസ് പ്രവർത്തിക്കുന്നത് മലിനജല പൈപ്പ് പുഴയിൽ ചെന്നു ചേരുന്നതിന് സമീപത്താണ് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പ്രദേശത്തും മാള, പൊയ്യ, കുഴൂർ, അന്നമനട, പുത്തൻചിറ, വെള്ളാങ്കല്ലൂർ പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നത് ഈ പമ്പ് ഹൗസിൽ നിന്നാണ്. വൈന്തല മാമ്പ്ര - ചെട്ടിക്കുന്ന് കുടിവെള്ള പദ്ധതികളിലൂടെ പതിനായിരകണക്കിന് ജനങ്ങളാണ് കുടിവെള്ളം ഉപയോഗിക്കുന്നത്. ജനജീവിതത്തിനും അപൂർവ്വ മത്സ്യസമ്പത്തിനും ഭീഷണിയാകുന്ന കമ്പനിയുടെ മലിനീകരണം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് അന്നമനട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബേബി പൗലോസും നാട്ടുകാരും ആവശ്യപ്പെട്ടു.

2009 ജൂലൈയിൽ കമ്പനിയിൽ നിന്ന് ചാലക്കുടി പുഴയിലേക്ക് അവശിഷ്ടങ്ങൾ ഒഴുക്കുവാൻ സ്ഥാപിച്ച പൈപ്പ് പൊട്ടി പാടശേഖരങ്ങളിൽ മാലിന്യം നിറഞ്ഞു. ഇതിനെതുടർന്ന് കമ്പനിയുടെ ലൈസൻസ് പഞ്ചായത്ത് താൽക്കാലികമായി റദ്ദാക്കാൻ ആർ.ഡി.ഒ ആവശ്യപ്പെട്ടു. പിറ്റേന്ന് കമ്പനി നിയോഗിച്ച തൊഴിലാളികൾ രാവിലെ 7 മണിമുതൽ വൈകീട്ട് വരെ പാടശേഖരങ്ങളിൽ നിന്ന് രാസമാലിന്യം നീക്കം ചെയ്യുകയായിരുന്നു. എം.എൽ.എ ബി.ഡി. ദേവസ്സി സ്ഥലം സന്ദർശിച്ചു.

ഒരാഴ്ചയ്ക്കുള്ളിൽ ഫാക്ടറിയുടെ മലിനജല പൈപ്പ് വീണ്ടും പൊട്ടി ചാലക്കുടിപ്പുഴയിൽ വൻതോതിൽ മലിനജലവും ഊറലും കലർന്നു. പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മോഹനന്റെ നേതൃത്വത്തിൽ പഞ്ചായത്തധികൃതർ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. പുഴയിൽ എത്തിയത് കമ്പനി മാലിന്യമല്ലെന്നും എക്കൽ ആണെന്നുമായിരുന്നു കമ്പനിയുടെ വിശദീകരണം എക്കലിന് മാംസം കരിഞ്ഞ ദുർഗന്ധം വരുന്നതെങ്ങനെ എന്ന ചോദ്യത്തിന് കമ്പനിയധികൃതർക്ക് മറുപടിയുണ്ടായില്ല. പി.സി.ബി സംഘം മലിനജലത്തിന്റെയും ഊറലിന്റെയും സാമ്പിൾ ശേഖരിച്ചു. റവന്യൂ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ പാടത്തു കണ്ട മലിനജലവും ഊറലും തന്നെയാണ് പുഴയിലും കണ്ടതെന്ന് എ.ഡി.എം ന് റിപ്പോർട്ട് നൽകി.

**വായുമലിനീകരണം**

അന്തരീക്ഷമാകെ ഡൈകാൽസ്യം ഫോസ്ഫേറ്റിന്റെ ധൂളികളാൽ നിറഞ്ഞിരിക്കുന്നു. ആസിഡ് ഫ്യൂമ്സ് (Acid Fumes) പരിസരമാകെ പുക പടലം സൃഷ്ടിക്കുന്നു രൂക്ഷമായ ദുർഗന്ധമാണ് കമ്പനിയിൽ നിന്നും പുറത്തേക്ക് വമിക്കുന്നത്.

മൂക്ക് പൊത്താതെ ഒരാൾക്കും അത് വഴി യാത്ര ചെയ്യാ


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale** 60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385

നാകില്ല. കാറ്റിന്റെ ഗതിയനുസരിച്ച് കക്കാട്, തൈക്കൂട്ടം, അന്നനാട്, ചെറുവാളൂർ, കട്ടപ്പുറം തുടങ്ങിയ സ്ഥലങ്ങളിലേക്കും അതിനപ്പുറത്തേക്കും ചീഞ്ഞ നാറ്റമടിക്കുന്നു. വൈകുന്നേരങ്ങളിൽ ദുർഗന്ധം അതിരൂക്ഷമാകുന്നു. വീടുകളിൽ കുട്ടികൾക്കും മുതിർന്നവർക്കും മനം പുരട്ടലും ഓക്കാനവും ഉണ്ടാക്കുന്നു.

**അപകടങ്ങൾ**

ചെറുതും വലുതുമായി ഒട്ടേറെ അപകടങ്ങൾ ഇതിനകം സംഭവിച്ചിട്ടുണ്ട്. 1991 ൽ ഹൈഡ്രോക്ലോറിക്ക് ആസിഡ് സംഭരിച്ചു വച്ചിരുന്ന ടാങ്കുകളിൽ ഒരെണ്ണം പൊട്ടിത്തെറിച്ച് പരിസര പ്രദേശങ്ങളിലും പാടശേഖരങ്ങളിലും ആസിഡ് പരന്നൊഴുകി. വൈകുന്നേരം 7 –മണിക്കായിരുന്നു സംഭവം. ജനങ്ങൾ ജീവനും കൊണ്ടോടി. നൂറുകണക്കിന് കുമ്മായച്ചാക്കുകൾ പൊട്ടിച്ചു വിതറി. ആസിഡിന്റെ വീര്യം കുറയ്ക്കാൻ സഹായിച്ചവരിൽ ഏറെയും നാട്ടിലെ യുവാക്കളായിരുന്നു. നാട്ടുകാരുടെ സഹായം മൂലം ഒരു വൻ ദുരന്തമാണ് അന്ന് ഒഴിവായത്. എന്നിരുന്നാലും സമീപപ്രദേശത്തെ സസ്യജാലങ്ങൾ നശിച്ചു. പാടശേഖരങ്ങളിലേയും ജലാശയങ്ങളിലേയും ചെറുജീവികളും മത്സ്യങ്ങളും ചത്തൊടുങ്ങി. തോടുകളിലൂടെ അമ്ലജലം എത്തിച്ചേർന്നത് ചാലക്കുടിപ്പുഴയിലേക്കായിരുന്നു. ഒരു ടാങ്കിൽ 160 ടണ്ണിലേറെ ആസിഡ് സൂക്ഷിക്കാനാവും. അത്തരം 6 ടാങ്കുകളിലായി 10 ലക്ഷം ലിറ്റർ ഹൈഡ്രോക്ലോറിക് ആസിഡ് ആണ് കമ്പനിക്കകത്ത് സംഭരിച്ചു വച്ചിട്ടുള്ളത്.

മറ്റൊരിക്കൽ ഫർണസ് ഓയിൽ (LSHS) സൂക്ഷിച്ചിരുന്ന ടാങ്കിൽ തീപിടുത്തമുണ്ടായി അഗ്നിശമനസേനയെത്തിയാണ് തീ അണച്ചത്.

2007 ആഗസ്റ്റിൽ കമ്പനിയിൽ നുറുങ്ങിയ എല്ലുകൾ (Crushed bones) സൂക്ഷിക്കുന്ന ടാങ്കിലിറങ്ങിയ രണ്ട് ജീവനക്കാരെ ശ്വാസം മുട്ടി ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 30 അടിയോളം താഴ്ചയുള്ള ടാങ്കിൽ എല്ലു കഷ്ണങ്ങൾ നിരപ്പാക്കുന്നതിനുവേണ്ടി ഇറങ്ങിയ രാത്രി ഷിഫ്റ്റിലെ ജീവനക്കാരൻ

**1991 ൽ ഹൈഡ്രോക്ലോറിക്ക് ആസിഡ് സംഭരിച്ചു വച്ചിരുന്ന ടാങ്കുകളിൽ ഒരെണ്ണം പൊട്ടിത്തെറിച്ച് പരിസര പ്രദേശങ്ങളിലും പാടശേഖരങ്ങളിലും ആസിഡ് പരന്നൊഴുകി. വൈകുന്നേരം ഏഴ് മണിക്കായിരുന്നു സംഭവം. ജനങ്ങൾ ജീവനും കൊണ്ടോടി. നൂറുകണക്കിന് കുമ്മായച്ചാക്കുകൾ പൊട്ടിച്ചു വിതറി. ആസിഡിന്റെ വീര്യം കുറയ്ക്കാൻ സഹായിച്ചവരിൽ ഏറെയും നാട്ടിലെ യുവാക്കളായിരുന്നു. നാട്ടുകാരുടെ സഹായം മൂലം ഒരു വൻ ദുരന്തമാണ് അന്ന് ഒഴിവായത്. എന്നിരുന്നാലും സമീപപ്രദേശത്തെ സസ്യജാലങ്ങൾ നശിച്ചു. പാടശേഖരങ്ങളിലേയും ജലാശയങ്ങളിലേയും ചെറുജീവികളും മത്സ്യങ്ങളും ചത്തൊടുങ്ങി. തോടുകളിലൂടെ അമ്ലജലം എത്തിച്ചേർന്നത് ചാലക്കുടിപ്പുഴയിലേക്കായിരുന്നു.**

ഉടനെ അബോധാവസ്ഥയിലായി. സഹായിക്കാനെത്തിയ മറ്റൊരു ജീവനക്കാരനും ബോധരഹിതനായി. തൊഴിലാളികൾക്ക് 8 മണിക്കൂർ തുടർച്ചയായി കൃത്രിമമായി ശ്വാസോച്ഛ്വാസം നൽകേണ്ടിവന്നു. സംഭവത്തിൽ യൂണിയൻ നേതൃത്വം പ്രതിഷേധിക്കുകയും സുരക്ഷിതത്വം ഉറപ്പുവരാത്തത് മാനേജ്മെന്റിന്റെയും ഫാക്ടറി ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടേയും വീഴ്ചയാണെന്ന് കുറ്റപ്പെടുത്തുകയും ചെയ്തു.

**ആരോഗ്യപ്രശ്നങ്ങൾ**

അതീവഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ജനങ്ങൾ അഭിമുഖീകരിക്കുന്നത്. ഞങ്ങളുടെ ഗ്രാമം ക്യാൻസർ ഗ്രാമം എന്നാണ് ഇപ്പോൾ അറിയപ്പെടുന്നത്. ചുരുങ്ങിയ കാലയളവിനുള്ളിൽ ഒട്ടേറെ ക്യാൻസർ മരണങ്ങൾ. കമ്പനി തൊഴിലാളികളടക്കം ക്യാൻസർ ബാധിതർ നിരവധി. കടുത്ത ആസ്തമ, ശ്വാസംമുട്ട് തുടങ്ങി മിക്കവർക്കും ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ. പാണ്ടുരോഗവും ത്വക്ക് രോഗങ്ങളും അലർജിയുമുള്ളവർ. സ്ത്രീ പുരുഷൻമാരിൽ വന്ധ്യതയുള്ളവർ. ഹൃദ്രോഗ മരണങ്ങൾ ഏറെ, ഹൃദ്രോഗികൾ നിരവധി. ജനിതക വൈകല്യങ്ങളും ബുദ്ധിമാന്ദ്യവുമുള്ള കുട്ടികൾ. കുട്ടികളിൽ മനം പുരട്ടലും ഓക്കാനവും ഛർദ്ധിയും വയറിളക്കവും വ്യാപകം. കുട്ടികളുടെ വളർച്ച മുരടിക്കുന്നുവെന്നും ഓർമ്മശക്തി കുറയുന്നുവെന്നും അമ്മമാർ പരാതിപ്പെടുന്നു. കമ്പനിയുടെ സമീപവാസിയായിരുന്ന പനമ്പിള്ളി രാഘവമേനോന്റെ സഹോദരി കടുത്ത ശ്വാസകോശരോഗത്തിനടിമയായിരുന്നു. പ്രദേശത്തുനിന്നും താമസം മാറ്റിയപ്പോൾ അവരുടെ അസുഖം മാറിയെന്നും ഇവിടെയെത്തുമ്പോൾ ബുദ്ധിമുട്ടനുഭവപ്പെടുന്നുവെന്നു സാക്ഷ്യപ്പെടുത്തുന്നു.

**പഠനങ്ങൾ**

തിരുവനന്തപുരം ആസ്ഥാനമായ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനു വേണ്ടി (CDS) ഡോ. സണ്ണി ജോർജ്ജ് നടത്തിയ പഠനത്തിൽ ചാലക്കുടി പുഴയുടെ മലനീകരണത്തിന്റെ പ്രധാന കാരണം വ്യാവസായിക മാലിന്യങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

കമ്പനി ആരംഭിച്ച് 10 വർഷത്തിനു ശേഷം മാലിന്യ പ്രശ്നങ്ങൾ വർധിച്ചതോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സെന്റർ ഫോർ എർത്ത് സയൻസ് (CES) ഒരു പഠനം നടത്തിയിരുന്നെങ്കിലും പാതിവഴിയിലതുപേക്ഷിക്കപ്പെട്ടു.

**ഫീൽഡ് ആക്ഷൻ പ്രോജക്ട് റിപ്പോർട്ട്**

കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ 8,10,12 വാർഡുകളിൽ നടക്കുന്ന മലിനീകരണ സംബന്ധിച്ച് ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ അക്കാദമിക് താൽപര്യാർത്ഥം തയ്യാറാക്കിയ ഫീൽഡ് ആക്ഷൻ പ്രോജക്ട് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ:

(തുടരും)